44

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഭരണഘടന
# (മുപ്പത്തിരണ്ടാം ഭേദഗതി)
# ആക്റ്റ്, 1973


യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

വില : [illegible]-6[illegible]

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ഭരണഘടന
## (മുപ്പത്തിരണ്ടാം ഭേദഗതി)
## ആക്റ്റ്, 1973

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസസ്സ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

[illegible]-69

# ഭരണഘടന (മുപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 1973

(1974 മേയ്, 3)

ഇൻഡ്യയുടെ ഭരണഘടന കൂടുതലായി ഭേദഗതി ചെയ്യുന്നതിനുള്ള ആക്റ്റ്.

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തിനാലാം സംവൽസരത്തിൽ പാർലമെന്റ് താഴെപറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

**ചുരുക്കപ്പേരും പ്രാരംഭവും.**

1. (1) ഈ ആക്റ്റിന്, ഭരണഘടന (മുപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 1973 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് കേന്ദ്രഗവൺമെന്റ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

**371-ാം അനുച്ഛേദത്തിന്റെ ഭേദഗതി.**

2. ഭരണഘടനയിലെ 371-ാം അനുച്ഛേദം (1)—ാം ഖണ്ഡം വിട്ടുകളയേണ്ടതും ആ അനുച്ഛേദത്തിന്റെ മാർജിനിലെ ശീർഷകത്തിൽ ''ആന്ധ്ര പ്രദേശ്'' എന്ന വാക്കുകരം വിട്ടുകളയേണ്ടതും ആകുന്നു.

**371 (ഘ) 371 (ങ) എന്നീ പുതിയ അനുച്ഛേദങ്ങരം ചേർക്കൽ.**

3. ഭരണഘടനയിലെ 371 ഗ അനുച്ഛേദത്തിനുശേഷം, താഴെ പറയുന്ന അനുച്ഛേദങ്ങരം ചേർക്കേണ്ടതാകുന്നു, അതായത്:—

**ആന്ധ്ര പ്രദേശ് സ്റ്റേററ് സംബന്ധിച്ച പ്രത്യേക വ്യവസ്ഥകരം.**

371ഘ. (1) രാഷ്ട്രപതിക്ക്, ആന്ധ്ര പ്രദേശ് സ്റ്റേററ് സംബന്ധിച്ചു ചെയ്യുന്ന ഉത്തരവു മുഖേന ആ സ്റ്റേററിലെ വ്യത്യസ്ത ഭാഗങ്ങളിൽ പെട്ട ജനങ്ങരംക്ക് പബ്ലിക് നിയോജനത്തിന്റെ വിഷയത്തിലും വിദ്യാഭ്യാസ വിഷയത്തിലും നീതിപൂർവ്വകമായ അവസരങ്ങരംക്കും സൗകര്യങ്ങരംക്കും ആ സ്റ്റേററിന്റെ മുഴുവനുമായുള്ള ആവശ്യകതകരം പരിഗണിച്ചുകൊണ്ടു വ്യവസ്ഥചെയ്യാവുന്നതും, സ്റ്റേററിന്റെ വിവിധ ഭാഗങ്ങരംക്കു വ്യത്യസ്ത വ്യവസ്ഥകരം ഉണ്ടാക്കാവുന്നതും ആകുന്നു.

3/835/MC

(2) പ്രത്യേകിച്ചും, (1)–ാം ഖണ്ഡത്തിൻ കീഴിൽ ഉണ്ടാക്കിയ ഒരു ഉത്തരവിന്,—

(ക) സ്റേററിൻെറ സിവിൽ സർവ്വീസിലെ തസ്തികകളുടെ ഏതെങ്കിലും തരത്തേയോ തരങ്ങളേയോ, അല്ലെങ്കിൽ സ്റേററിൻെറ കീഴിലുള്ള സിവിൽ തസ്തികകളുടെ തരത്തേയോ തരങ്ങളേയോ സ്റേററിൻെറ വ്യത്യസ്ത ഭാഗങ്ങൾക്കുള്ള വ്യത്യസ്ത തദ്ദേശ കേഡറുകളായി സംഘടിപ്പിക്കുകയും, അങ്ങനെയുള്ള തസ്തികകൾ വഹിക്കുന്ന ആളുകളെ, അപ്രകാരം സംഘടിപ്പിക്കുന്ന തദ്ദേശ കേഡറുകളിലേക്ക് ഉത്തരവിൽ വിനിർദ്ദേശിക്കുന്ന തത്വങ്ങളും നടപടിക്രമവും അനുസരിച്ച് തിരിച്ചുവയ്ക്കുകയും ചെയ്യുന്നതിനു സ്റേററ് ഗവൺമെൻറിനോട് ആവശ്യപ്പെടുകയും;

(ഖ) (i) സ്റേററ് ഗവൺമെൻറിൻെറ കീഴിലെ ഏതെങ്കിലും തദ്ദേശ കേഡറിലെ (ഈ അനുച്ഛേദത്തിൻകീഴിലെ ഒരു ഉത്തരവിന് അനന്യമായി സംഘടിപ്പിക്കുന്നതോ മററു വിധത്തിൽ സംവിധാനം ചെയ്യുന്നതോ ആയാലും) തസ്തികകളിലേക്ക് നേരിട്ടുള്ള ആൾ ചേർക്കലിനും;

(ii) സ്റേററിനകത്തുള്ള ഏതെങ്കിലും തദ്ദേശാധികാര സ്ഥാപനത്തിൻ കീഴിലുള്ള ഏതെങ്കിലും കേഡറിലെ തസ്തിതകകളിലേക്ക് നേരിട്ടുള്ള ആൾചേർക്കലിനും;

(iii) സ്റേററിനകത്തുള്ള ഏതെങ്കിലും സർവ്വകലാശാലയിലേക്കോ സ്റേററ് ഗവൺമെൻറിൻെറ നിയന്ത്രണത്തിനു വിധേയമായ മറേറതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിലേക്കോ ഉള്ള പ്രവേശനത്തിൻെറ ആവശ്യങ്ങൾക്കും;

തദ്ദേശപ്രദേശമായി പരിഗണിക്കപ്പെടേണ്ട, സ്റേററിലെ ഏതെങ്കിലും ഭാഗമോ ഭാഗങ്ങളോ വിനിർദ്ദേശിക്കുകയും;

(ഗ) (i) ഇതിലേക്ക് ഉത്തരവിൽ വിനിർദ്ദേശിക്കുന്നതും (ഖ) ഉപഖണ്ഡത്തിൽ പരാമർശിച്ചതുമായ ഏതെങ്കിലും കേഡറിലെ തസ്തികകളിലേക്കു നേരിട്ടുള്ള ആൾചേർക്കലിൻെറ വിഷയത്തിലും;

(ii) ഇതിലേക്ക് ഉത്തരവിൽ വിനിർദ്ദേശിക്കുന്നതും (ഖ) ഉപഖണ്ഡത്തിൽ പരാമർശിച്ചതുമായ ഏതെങ്കിലും സർവകലാശാലയിലേക്കോ, മററു വിദ്യാഭ്യാസ സ്ഥാപനത്തിലേക്കോ ഉള്ള പ്രവേശനത്തിൻെറ വിഷയത്തിലും,

അതാതു സംഗതിപോലെ, അങ്ങനെയുള്ള കേഡറോ, സർവ്വകലാശാലയോ മററു വിദ്യാഭ്യാസ സ്ഥാപനമോ സംബന്ധിച്ച തദ്ദേശപ്രദേശത്ത്, ഉത്തരവിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും കാലയളവ് താമസിക്കുകയോ പഠിക്കുകയോ ചെയ്തിട്ടുള്ള സ്ഥാനാർത്ഥികൾക്ക്, മുൻഗണന നല്കുകയോ സംവരണം ചെയ്യുകയോ ചെയ്യേണ്ടത് എത്രത്തോളവും ഏതു രീതിയിലും ഏത് ഉപാധികൾക്കു വിധേയമായുമാണെന്നു വിനിർദ്ദേശിക്കുകയും; ചെയ്യാവുന്നതാണ്.

(3) രാഷ്ട്രപതിക്ക് ഉത്തരവുമുഖേന, താഴെ പറയുന്ന വിഷയങ്ങൾ, അതായത്:—

(ക) സ്റേററിൻെറ ഏതെങ്കിലും സിവിൽ സർവ്വീസിലെ തസ്തികകളുടെ, ഉത്തരവിൽ വിനിർദ്ദേശിക്കുന്ന തരത്തിലേക്കോ തരങ്ങളിലേക്കോ അല്ലെങ്കിൽ സ്റേററിൻെറ കീഴിലുള്ള സിവിൽ തസ്തികകളുടെ, വിനിർദ്ദേശിക്കുന്ന തരത്തിലേക്കോ തരങ്ങളിലേക്കോ, അല്ലെങ്കിൽ സ്റേററിനകത്തുള്ള ഏതെങ്കിലും തദ്ദേശാധികാര സ്ഥാനത്തിൻെറ നിയന്ത്രണത്തിൻകീഴിലുള്ള തസ്തികകളുടെ, വിനിർദ്ദേശിക്കുന്ന തരത്തിലേക്കോ തരങ്ങളിലേക്കോ ഉള്ള നിയമനം, തിരിച്ചുവയ്ക്കൽ, അല്ലെങ്കിൽ ഉദ്യോഗക്കയററം;

(ഖ) സ്റേററിൻെറ ഏതെങ്കിലും സിവിൽ സർവ്വീസിലെ തസ്തികകളുടെ ഉത്തരവിൽ വിനിർദ്ദേശിക്കുന്ന തരത്തിലേക്കോ തരങ്ങളിലേക്കോ, അല്ലെങ്കിൽ സ്റേററിൻെറ കീഴിലുള്ള സിവിൽ തസ്തികകളുടെ, അങ്ങനെ വിനിർദ്ദേശിക്കുന്ന തരത്തിലേക്കോ തരങ്ങളിലേക്കോ, അല്ലെങ്കിൽ സ്റേററിനകത്തുള്ള ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിൻെറ നിയന്ത്രണത്തിൻകീഴിലുള്ള തസ്തികകളുടെ അങ്ങനെ വിനിർദ്ദേശിക്കുന്ന തരത്തിലേക്കോ തരങ്ങളിലേക്കോ നിയമിക്കുകയോ തിരിച്ചുവയ്ക്കുകയോ, ഉദ്യോഗക്കയററം കൊടുക്കുകയോ ചെയ്യപ്പെടുന്ന ആളുകളുടെ സീനിയാറിററി;

(ഗ) സ്റേററിലെ ഏതെങ്കിലും സിവിൽ സർവ്വീസിലെ തസ്തികയുടെ ഉത്തരവിൽ വിനിർദ്ദേശിക്കുന്ന തരത്തിലേക്കോ തരങ്ങളിലേക്കോ, അല്ലെങ്കിൽ സ്റേററിൻെറ കീഴിലുള്ള സിവിൽ തസ്തികകളുടെ, അങ്ങനെ വിനിർദ്ദേശിക്കുന്ന തരത്തിലേക്കോ തരങ്ങളിലേക്കോ, അല്ലെങ്കിൽ സ്റേററിനകത്തുള്ള ഏതെങ്കിലും തദ്ദേശാധികാരസ്ഥാന

ത്തിന്റെ നിയന്ത്രണത്തിൻകീഴിലുള്ള തസ്തികകളുടെ അങ്ങനെയുള്ള, വിനിർദ്ദേശിക്കുന്ന തരത്തിലേക്കോ തരങ്ങളിലേക്കോ നിയമിക്കുകയോ തിരിച്ചുവയ്ക്കുകയോ ഉദ്യോഗക്കയറ്റം കൊടുക്കുകയോ ചെയ്യപ്പെടുന്ന ആളുടെ മറ്റു സേവനവ്യവസ്ഥകൾ;

എന്നിവ സംബന്ധിച്ച് ഭരണഘടന (മുപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 1973–ന്റെ പ്രാരംഭത്തിനു തൊട്ടുമുൻപ് (സുപ്രീംകോടതിയല്ലാത്ത) ഏതെങ്കിലും കോടതിക്കോ ഏതെങ്കിലും ട്രിബ്യൂണലിനോ മറ്റു അധികാരസ്ഥാനത്തിനോ പ്രയോഗിക്കാവുന്നതായിരുന്നതും ഉത്തരവിൽ വിനിർദ്ദേശിക്കുന്നതും, ആയ അധികാരിതയും അധികാരവും പ്രാധികാരവും പ്രയോഗിക്കുന്നതിന് ആന്ധ്രപ്രദേശിന് ഒരു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സംവിധാനം ചെയ്യുന്നതിനുള്ള വ്യവസ്ഥ ചെയ്യാവുന്നതാണ്.

(4) (3)–ാം ഖണ്ഡത്തിൻകീഴിൽ ചെയ്യുന്ന ഒരു ഉത്തരവിന്,

(ക) അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്, അതിന്റെ അധികാരിതയ്ക്കുള്ളിലുള്ളതും, രാഷ്ട്രപതി ഉത്തരവിൽ വിനിർദ്ദേശിക്കുന്നതും ആയ ഏതെങ്കിലും വിഷയം സംബന്ധിച്ചുള്ള സങ്കടങ്ങൾ പരിഹരിക്കുന്നതിനു നിവേദനങ്ങൾ സ്വീകരിക്കുന്നതിനും, അതിൻമേൽ യുക്തമെന്നു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ കരുതുന്ന ഉത്തരവുകൾ ചെയ്യുന്നതിനും പ്രാധികാരം നല്കുകയും;

(ഖ) അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അധികാരങ്ങളും, അധികാരിതയും നടപടിക്രമവും സംബന്ധിച്ച് രാഷ്ട്രപതി ആവശ്യകമെന്ന് കരുതുന്ന വ്യവസ്ഥകൾ (അതിനുതന്നെ എതിരായുള്ള അലക്ഷ്യത്തിനു ശിക്ഷിക്കാനുള്ള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അധികാരങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടെയുള്ളവ) ഉൾക്കൊള്ളുകയും;

(ഗ) അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലേക്ക്, അതിന്റെ അധികാരിതയ്ക്കുള്ളിലുള്ള വിഷയങ്ങൾ സംബന്ധിച്ച നടപടികൾ ആയിരിക്കുകയും, അങ്ങനെയുള്ള ഉത്തരവിന്റെ പ്രാരംഭത്തിനു തൊട്ടുമുൻപ് (സുപ്രീംകോടതി അല്ലാത്ത) ഏതെങ്കിലും കോടതിയുടേയോ ട്രിബ്യൂണലിന്റേയോ മറ്റ് അധികാര സ്ഥാനത്തിന്റേയോ മുമ്പാകെ നിലവിലിരി

ക്കുകയും ചെയ്യുന്നതും, ഉത്തരവിൽ വിനിർദ്ദേശി ക്കുന്ന തരത്തിലുള്ളതുമായ നടപടികൾ മാററുന്നതിന് വ്യവസ്ഥ ചെയ്യുകയും;

(ഘ) (ഫീസു സംബന്ധിച്ചതോ, കാലഹരണമോ തെളിവോ സംബന്ധിച്ചതോ, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം ഏതെങ്കിലും അപവാദങ്ങൾക്കോ രൂപഭേദങ്ങൾക്കോ വിധേയമായി ബാധകമാകുന്നതിനുള്ളതോ ആയ വ്യവസ്ഥകൾ ഉൾപ്പെടെ) രാഷ്ട്രപതി ആവശ്യകമെന്ന് കരുതുന്ന അനുപൂരകമായതും ആനുഷംഗികമായതും അനന്തരഫലമായുണ്ടാകുന്നതുമായ വ്യവസ്ഥകൾ ഉൾക്കൊള്ളുകയും;

ചെയ്യാവുന്നതാണ്.

(5) ഏതെങ്കിലും കേസ് അന്തിമമായി തീർപ്പു ചെയ്യുന്ന അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണലിന്റെ ഉത്തരവ്, സ്റേററ് ഗവൺമെൻറ്, അതു സ്ഥിരീകരിക്കുന്നതോടെയോ ഉത്തരവുചെയ്യുന്ന തീയതിമുതൽ മൂന്നുമാസം കഴിയുന്നതോടെയോ, ഏതാണ് ആദ്യം, അതോടെ, പ്രഭാവമുള്ളതായിത്തീരുന്നതാണ്:

എന്നാൽ സ്റേററ് ഗവൺമെൻറിന്, ലിഖിതമായി ചെയ്യുന്ന പ്രത്യേക ഉത്തരവുമുഖേനയും അതിൽവിനിർദ്ദേശിക്കേണ്ട കാരണത്താലും അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണലിന്റെ ഏതെങ്കിലും ഉത്തരവ്, അത് പ്രഭാവമുള്ളതായിത്തീരുന്നതിനു മുൻപ് രൂപഭേദപ്പെടുത്തുകയോ, പ്രഭാവശൂന്യമാക്കുകയോ ചെയ്യാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്, അതാതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു.

(6) (5)—ാം ഖണ്ഡത്തിന്റെ പരിമിതി വ്യവസ്ഥയിൻകീഴിൽ സ്റേററ് ഗവൺമെൻറ് ചെയ്യുന്ന ഏതൊരു പ്രത്യേക ഉത്തരവും, അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗം, സ്റേററ് നിയമനിർമ്മാണമണ്ഡലത്തിന്റെ ഇരു സഭകളുടേയും മുമ്പാകെ വയ്ക്കേണ്ടതാകുന്നു.

(7) സ്റേററിനുള്ള ഹൈക്കോടതിക്ക് അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണലിന്റെ മേലന്വേഷണത്തിനുള്ള യാതൊരു അധികാരങ്ങളും ഉണ്ടായിരിക്കുന്നതല്ലാത്തതും, (സുപ്രീംകോടതി അല്ലാത്ത)

യാതൊരു കോടതിയും അല്ലെങ്കിൽ ട്രിബ്യൂണലും, അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അധികാരിതയ്ക്കോ അധികാരത്തിനോ പ്രാധികാരത്തിനോ വിധേയമായി, ഏതെങ്കിലും വിഷയം സംബന്ധിച്ചോ, അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സംബന്ധിച്ചോ ഏതെങ്കിലും അധികാരിതയോ അധികാരമോ പ്രാധികാരമോ പ്രയോഗിക്കാൻ പാടില്ലാത്തതുമാകുന്നു.

(8) അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ തുടർന്നുള്ള അസ്തിത്വം ആവശ്യകമല്ലെന്ന് രാഷ്ട്രപതിക്കു ബോദ്ധ്യമാവുകയാണെങ്കിൽ രാഷ്ട്രപതിക്ക്, ഉത്തരവുമുഖേന അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിറുത്തലാക്കുകയും അങ്ങനെയുള്ള നിറുത്തലാക്കലിന് തൊട്ടുമുമ്പ് ട്രിബ്യൂണലിന്റെ മുമ്പാകെ നിലവിലുള്ള കേസുകൾ മാറ്റുകയും തീർച്ച ചെയ്യുകയും ചെയ്യുന്നതിനായി, അദ്ദേഹം യുക്തമെന്നു കരുതുന്ന വ്യവസ്ഥകൾ അങ്ങനെയുള്ള ഉത്തരവിൽ ഉണ്ടാക്കാവുന്നതുമാകുന്നു.

(9) ഏതെങ്കിലും കോടതിയുടേയോ ട്രിബ്യൂണലിന്റേയോ മറ്റു അധികാരസ്ഥാനത്തിന്റേയോ ഏതെങ്കിലും വിധിന്യായമോ, വിധിയോ ഉത്തരവോ ഉണ്ടെന്നിരുന്നാലും—

(ക) ഏതെങ്കിലും ആളുടെ—

(i) 1956 നവമ്പർ 1-ാം ദിവസത്തിനു മുമ്പ്, ആ തീയതിക്കു മുമ്പ്, നിലവിലുണ്ടായിരുന്നതുപോലെയുള്ള ഹൈദരാബാദ് സ്റ്റേറ്റ് ഗവൺമെന്റിന്റേയോ, ഹൈദരാബാദ് സ്റ്റേറ്റിനകത്തുള്ള ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റേയോ കീഴിലുള്ള ഏതെങ്കിലും തസ്തികയിലേക്ക് ചെയ്തിട്ടുള്ളതോ;

(ii) ഭരണഘടന (മുപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 1973-ന്റെ പ്രാരംഭത്തിനുമുമ്പ് ആന്ധ്ര പ്രദേശ് സ്റ്റേറ്റ് ഗവൺമെന്റിന്റേയോ ആന്ധ്ര പ്രദേശ് സ്റ്റേറ്റിനകത്തുള്ള ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റേയോ മറ്റധികാര സ്ഥാനത്തിന്റേയോ കീഴിലുള്ള ഏതെങ്കിലും തസ്തികയിലേക്ക് ചെയ്യുന്നതോ;

ആയ യാതൊരു നിയമനവും, നിയോജനവും ഉദ്യോഗക്കയറ്റവും അല്ലെങ്കിൽ സ്ഥലം മാറ്റവും;

(ഖ) (ക) ഉപഖണ്ഡത്തിൽ പരാമർശിച്ച ഏതെങ്കിലും ആളോ അയാളുടെ മുമ്പാകെയോ എടുത്ത യാതൊരു നടപടിയും, അല്ലെങ്കിൽ ചെയ്ത ഏതൊരു കാര്യവും;

അങ്ങനെയുള്ള ആളുടെ നിയമനമോ, നിയോജനമോ ഉദ്യോഗക്കയററമോ സ്ഥലംമാററമോ, അങ്ങനെയുള്ള നിയമനമോ നിയോജനമോ ഉദ്യോഗക്കയററമോ സ്ഥലംമാററമോ സംബന്ധിച്ച്, അതാത് സംഗതി പോലെ, ഹൈദരാബാദ് സ്റേററിനകത്തോ ആന്ധ്രാ പ്രദേശ് സ്റേററിന്റെ ഏതെങ്കിലും ഭാഗത്തിനകത്തോ ഉള്ള താമസം സംബന്ധിച്ചുള്ള ഏതെങ്കിലും ആവശ്യകതയ്ക്ക് വ്യവസ്ഥചെയ്യുന്നതും അപ്പോഠം പ്രാബല്യത്തിലുള്ളതുമായ ഏതെങ്കിലും നിയമത്തിന് അനുസൃതമായി ചെയ്തതല്ലെന്നുള്ള കാരണത്താൽമാത്രം നിയമവിരുദ്ധമോ ശൂന്യമോ ആണെന്നോ എപ്പോഴെങ്കിലും നിയമവിരുദ്ധമോ ശൂന്യമോ ആയിരുന്നുവെന്നോ, കരുതപ്പെടുന്നതല്ല.

(10) ഈ അനുച്ഛേദത്തിലേയോ അതിൻകീഴിൽ രാഷ്ട്രപതി ചെയ്യുന്ന ഏതെങ്കിലും ഉത്തരവിലേയോ വ്യവസ്ഥകഠക്ക്, ഈ ഭരണഘടനയിലെ മറേറതെങ്കിലും വ്യവസ്ഥയിലോ, തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ എന്തു തന്നെയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

371ങ. ആന്ധ്ര പ്രദേശ് സ്റേററിൽ ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനു പാർലമെൻറിന് നിയമംമുഖേന വ്യവസ്ഥചെയ്യാവുന്നതാണ്.

**ആന്ധ്ര പ്രദേശിൽ കേന്ദ്രസർവ്വകലാശാല സ്ഥാപിക്കൽ.**

4. ഭരണഘടനയിലെ ഏഴാം പട്ടികയിൽ, ലിസ്ററ് I, ഉഠക്കുറിപ്പ് 63—ൽ ''ഡൽഹി സർവകലാശാല എന്നും അറിയപ്പെട്ടിരുന്ന സ്ഥാപനങ്ങളും'' എന്നതിനു പകരം ''ഡൽഹി സർവകലാശാല എന്നും അറിയപ്പെട്ടിരുന്ന സ്ഥാപനങ്ങളും 371 ങ അനുച്ഛേദം അനുസരിച്ച് സ്ഥാപിക്കുന്ന സർവകലാശാലയും'' എന്നതു ചേർക്കേണ്ടതാകുന്നു.

**ഏഴാം പട്ടികയുടെ ഭേദഗതി.**